# സാത്താൻ നുഴഞ്ഞു കയറുന്ന വഴി

ബെന്നി പുന്നത്തറ

ഫ്രാൻസിന്റെ ചക്രവർത്തിയായിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് യൂറോപ്പിലെ പ്രമുഖ രാജ്യങ്ങളെയെല്ലാം കീഴടക്കി. അദ്ദേഹത്തിന്റെ നേതൃത്വവീര്യത്തെയും യുദ്ധനിപുണതയെയും ചെറുത്തു നിൽക്കുവാൻ ആർക്കും കഴിഞ്ഞില്ല. സ്പെയിനും പ്രഷ്യ യും ഓസ്ട്രിയയുമെല്ലാം നെപ്പോളിയന്റെ മുന്നിൽ മുട്ടുമടക്കി. അങ്ങനെയിരിക്കെ റഷ്യയെ കീഴടക്കുവാനുള്ള മോഹം അദ്ദേഹത്തിലുണർന്നു. ഒരു വലിയ സൈന്യത്തെയും കൊണ്ട് അദ്ദേഹം റഷ്യയിലേക്ക് നീങ്ങി. നെപ്പോളിയന്റെ വരവറിഞ്ഞ് റഷ്യക്കാർ തങ്ങളുടെ വയലുകളും ധാന്യങ്ങളുമെല്ലാം തീവെച്ച് നശിപ്പിച്ചു. അവർ കന്നുകാലികളെയും കൊണ്ട് ഭവനങ്ങളുപേക്ഷിച്ച് പിൻവാങ്ങി.

റഷ്യയിലേക്ക് ചെന്നപ്പോൾ ശൂന്യമായ നഗരങ്ങളും ഗ്രാമങ്ങളും തീവെച്ചു നശിപ്പിച്ച വയലുകളും മാത്രമാണ് ഫ്രഞ്ചുകാർക്ക് കാണാനുണ്ടായിരുന്നത്. അവർ വലിയ പ്രതിസന്ധിയിലായി. കാരണം, ഭക്ഷിക്കാനൊന്നുമില്ല.റഷ്യക്കാർ കന്നുകാലികളെയെല്ലാം കൊണ്ടു പോയതിനാൽ മാംസമില്ല. വയലുകൾ തീവെച്ചു നശിപ്പിച്ചതിനാൽ ധാന്യങ്ങളുമില്ല. ലക്ഷക്കണക്കിനു വരുന്ന സൈന്യം പട്ടിണിയിലായി. പലരും മരിച്ചു വീണു. എങ്കിലും നെപ്പോളിയൻ മുന്നോട്ടു നയിച്ചു. ഒടുവിലവർ മോസ്കോയിലെത്തിയപ്പോൾ കത്തിയെരിയുന്ന പട്ടണമാണ് കണ്ടത്. അവിടുത്തെ ജനങ്ങളും പാലായനം ചെയ്തു കഴിഞ്ഞിരുന്നു.

അപ്പോഴേയ്ക്കും തണുപ്പുകാലം ആരംഭിച്ചു. വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ പടയാളികൾ ക്ഷീണിച്ചു. ഒടുവിൽ സൈന്യത്തെ ഫ്രാൻസിലേക്ക് തിരിച്ചു നയിക്കാൻ നെപ്പോളിയൻ നിർബന്ധിതനായി. ഏകദേശം അഞ്ചു ലക്ഷത്തോളം പടയാളികളാണ് പട്ടിണിയും തണുപ്പും മൂലം മരിച്ചു വീണത്. നെപ്പോളിയന്റെ സൈന്യത്തിന്റെ ആറിലൊരു ഭാഗം മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. അവസരം പാർത്തിരുന്ന ശത്രുക്കൾ നെപ്പോളിയനെതിരെ പോരാടി. ഒടുവിൽ 1814 മാർച്ച് 30ന് ഫ്രഞ്ചു സൈന്യം കീഴടങ്ങി. നെപ്പോളിയനെ ചക്രവർത്തി പദത്തിൽ നിന്നൊഴിവാക്കുകയും മെഡിറ്ററേനിയൻ സമുദ്രത്തിലുള്ള എൽബാ ദീപിലേക്ക് നാടു കടത്തുകയും ചെയ്തു.

നെപ്പോളിയന്റെ സൈനിക ശക്തി ദുർബലമായതും ഒടുവിൽ അവർക്ക് സമ്പൂർണ്ണ പരാജയം സംഭവിച്ചതും റഷ്യക്കാരുടെ തന്ത്രം മൂലമാണ്. നേരിട്ട് യുദ്ധം ചെയ്യാൻ നില്ക്കാതെ ഓടിയൊളിച്ചെങ്കിലും ശത്രു സൈന്യത്തിന് ഭക്ഷിക്കാനൊന്നും ലഭിക്കില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷമാണ് അവർ പിൻവാങ്ങിയത്. ഭക്ഷണ ദൗർലഭ്യം ആരോഗ്യം ക്ഷയിപ്പിച്ചപ്പോൾ രോഗങ്ങൾ വ്യാപകമായി. പ്രതികൂല കാലാവസ്ഥയെ നേരിടാൻ കഴിവു നഷ്ടപ്പെട്ടു.

ശക്തരായ വിശ്വാസികളുടെ തകർച്ചയ്ക്കായി സാത്താൻ ഒരുക്കുന്ന തന്ത്രവും ഇങ്ങനെ തന്നെയാണ്. നേരിട്ടുള്ള ഏറ്റുമുട്ടലിൽ താൻ പരാജയപ്പെടുമെന്ന് സാത്താനറിയാം. അതിനാൽ അവനൊരുക്കുന്ന തന്ത്രമാണ് ഭക്ഷണവും വസ്ത്രവും നിരോധിക്കുക എന്നത്.

വിശുദ്ധ കുർബാനയിലും തിരുവചന പാരായണത്തിലും പ്രാർത്ഥനകളിലും താല്പര്യം നഷ്ടപ്പെടുത്തുക വഴി ആത്മീയ ഭക്ഷണത്തിന്റെ ദൗർലഭ്യം ഉണ്ടാക്കും. വിശുദ്ധിയുടെ വെള്ളവസ്ത്രം സ്വീകരിക്കാൻ പറ്റാത്ത വിധം അനുതാപമില്ലായ്മയും അനുരജ്ഞന കൂദാശയോടുള്ള അകൽച്ചയും പ്രതികൂലങ്ങളെ നേരിടാനുള്ള ധാർമിക ശക്തിയില്ലാതാക്കും. ഇങ്ങനെ നാം ദുർബലരായി എന്ന് മനസ്സിലാക്കിക്കഴിയുമ്പോഴാണ് സാത്താൻ നേരിട്ട് ആക്രമിച്ച് പാരാജയപ്പെടുത്തുന്നത്.

അതിനാൽ എന്തുമാത്രം ശക്തിയും വളർച്ചയുമുണ്ടെങ്കിലും ആത്മീയ ഭക്ഷണത്തെ അവഗണിക്കാതിരിക്കുക. പാപം ആത്മധൈര്യം നശിപ്പിച്ചു കളയും. ആദിമാതാപിതാക്കൾക്ക് നഗ്നതയെക്കുറിച്ച് ബോധ്യം നൽകി മരങ്ങൾക്കിടയിൽ ഒളിച്ചിരിക്കാൻ ഇടയാക്കിയതു പോലെ പാപം ജീവിതത്തെ അഭിമുഖീകരിക്കാനുള്ള കരുത്തു നഷ്ടപ്പെടുത്തും.

വിശുദ്ധിയുടെ വെള്ളവസ്ത്രമാണ് പോരാട്ടത്തിന് നമ്മെ ശക്തരാക്കി മാറ്റുന്നത്. യൂറോപ്പിനെ മുഴുവൻ കീഴടക്കിയ നെപ്പോളിയനും സൈന്യവും ഭക്ഷണമില്ലാതെ തളർന്ന് ശത്രുവിന് കീഴടങ്ങേണ്ടി വന്ന കഥ എപ്പോഴും ഓർമ്മയിലുണ്ടാകണം. അതിനാൽ ആത്മീയ പോഷണത്തെ അവഗണിക്കരുത്.

**പ്രാർത്ഥന**

കർത്താവേ, സഭയിലൂടെ അങ്ങൊരുക്കുന്ന ആത്മീയ ഭക്ഷണത്തെ അഹങ്കാരവും ലൗകിക തല്പരതയും മൂലം അവഗണിക്കാൻ ഞങ്ങൾക്കിടയാകരുതേ. കൂദാശകളെ അവഗണിക്കാൻ ഞങ്ങൾക്കിടയാകരുതേ. കൂദാശകളെ ഗൗരവത്തോടെ സമീപിക്കാനും ആത്മീയ പോരാട്ട ത്തിന് സജ്ജരായി ജീവിക്കുവാനും അങ്ങ് ഞങ്ങളെ സഹായിച്ചാലും.